ഇതുകൂടാതെ ബോധവൽകരണ പരിപാടികൾ, പരിശീലനപരിപാടികൾ എന്നിവയിലൂടെ എല്ലാ മേഖലയിലും ഊർജ്ജ ലാഭം നേടാനായിട്ടുണ്ട്. ഇവ കൃത്യമായി കണക്കാക്കുന്നതിന് കൂടുതൽ ശാസ്ത്രീയ പഠനങ്ങൾ ആവശ്യമാണ്.

വൈദ്യുതീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി

139 (5544) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.പി.,എം.എൽ.എ ഫണ്ട് തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം ഉൾപ്പെടെയുള്ള പദ്ധതികൾ പോസ്റ്റുകളുടെ അഭാവം കാരണം ഇഴഞ്ഞ് നീങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് മെറ്റീരിയൽസ് അനുവദിക്കുന്നത്, അവയുടെ ആസൂത്രണം എന്നിവയിൽ കെ.എസ്.ഇ.ബി. യിലെ കോർപ്പറേറ്റ് പ്ലാനിംഗ്, ടി. സി. ആന്റ് എം. എന്നിവയ്ക്ക് പാളിച്ചകൾ സംഭവിക്കുന്നുണ്ടോ ;

(ഡി) സമ്പൂർണ്ണ വൈദ്യുതീകരണം സംബന്ധിച്ച അവലോകനം നടത്തുന്നതിന് ജില്ലാതലത്തിൽ ഉന്നതതല അവലോകനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈദ്യുതീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പുരോഗതി ബോർഡ് എല്ലാമാസവും അവലോകനം ചെയ്യുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ബി) ഉണ്ട്.

(സി) പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പദ്ധതികൾക്കാവശ്യമായ സാധന സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ട എല്ലാ നടപടികളും ബോർഡിന്റെ വിവിധ വിഭാഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരിൽ ചിലർ ടാർജറ്റ് പ്രകാരം കോൺക്രീറ്റ് പോസ്റ്റുകൾ നിർമ്മിച്ചു നൽകുന്നതിൽ വീഴ്ച വരുത്തിയതിനാൽ പോസ്റ്റുകളുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly